# ഒരു അർദ്ധരാത്രിയുടെ മണിക്കൂർ



**ഞാ**ൻ വായു സേനയിൽ സേവനം അനുഷ്ഠിക്കുമ്പോൾ ആ ക്യാമ്പിൽ ഒരിക്കലും മറക്കാനാവാത്ത ഒരു സംഭവം ഉണ്ടായി. വിമാനം തകർന്നുവീഴുന്നപക്ഷം രക്ഷാപ്രവർത്തനം നടത്തുവാൻ ഞങ്ങൾ റൺവേയ്ക്കു സമീപം അഗ്നിശമന വണ്ടിയുമായി കാത്തുനിൽക്കുകയാണ്. അർദ്ധരാത്രിയിൽ ഒരു പടുകൂറ്റൻ ജറ്റുവിമാനം എൻജിൻ ചൂടാക്കിക്കൊണ്ട് റൺവേയിലേക്കു ഉരുണ്ടുവരുന്നു. എന്തോ കുഴപ്പം ഉള്ളതുപോലെ തോന്നി, അല്പം കഴിഞ്ഞപ്പോൾ പൈലറ്റ് വിമാനം റൺവേയിൽ നിന്നും മാറ്റി ഒതുക്കി നിർത്തി.

എൻജിൻ പ്രവർത്തിച്ചുകൊണ്ട് പൈലറ്റ് പിന്നെയും പറന്നുപൊങ്ങുവാൻ ശ്രമിക്കുമ്പോൾ ഇന്ധന അറയ്ക്ക് ചോർച്ചയുണ്ടായത് ആരും ശ്രദ്ധിച്ചില്ല. വിമാനം മുന്നോട്ടോടി ഉയരത്തിലേക്കു കയറുമ്പോൾ എൻജിൻ പൊട്ടിത്തെറിക്കുകയും തീജ്വാലകൾ ഉയരുകയും ചെയ്തു. വിമാനം നാലു മൈൽ അകലെ മരങ്ങൾക്കിടയിൽ തകർന്നു വീണുണ്ടായ അത്യാഹിതത്തിൽ അകത്തുണ്ടായിരുന്നവരെല്ലാം ക്ഷണത്തിൽ കൊല്ലപ്പെട്ടു.

ഒരു ദിവസം അവസാനിച്ച് മറ്റൊരു ദിവസം ആരംഭിക്കുന്നതുപോലെ - ഈ അപകടം സംഭവിച്ച സമയത്തെ അർദ്ധരാത്രിയിൽ - അവരുടെ ഈ ലോകത്തിലെ ജീവിതം അവസാനിച്ച് നിത്യമായ ജീവിതത്തിന്റെ തുടക്കം കുറിക്കുകയായിരുന്നു. ബൈബിളിൽ പറയുന്നു, "ഒരിക്കൽ മരിക്കയും പിന്നെ ന്യായവിധിയും മനുഷ്യർക്കു നിയമിച്ചിരിക്കുന്നു" (എബ്രായർ 9:27). ന്യായവിധി എന്തുകൊണ്ട്? കാരണം, "എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സില്ലാത്തവരായിത്തീർന്നു" (റോമർ 3:23).

ന്യായവിധിക്കായി സ്രഷ്ടാവിന്റെ മുന്നിൽ നിൽക്കുവാൻ നിങ്ങൾ ഒരുങ്ങിയിട്ടുണ്ടോ? ആ വിമാനം പറത്തിയിരുന്ന ആ പാവം മനുഷ്യനേപ്പോലെ നിങ്ങളും ചെറുപ്പം ആയിരിക്കാം എന്നുള്ളതല്ല, ഇത് ഗൗരവമായി എടുക്കേണ്ടതായ കാര്യം തന്നെ!

അപ്പൊ 16:25 - 31 വരെ ബൈബിളിൽ പറഞ്ഞിരിക്കുന്നത്, അപ്പൊസ്തലന്മാരെങ്കിലും തടവിലായിരുന്ന പൗലോസിനെയും ശീലാസിനെയും കുറിച്ചാണ്. അർദ്ധരാത്രിയിൽ അവർ പ്രാർത്ഥിക്കുകയും പാടുകയും ചെയ്തപ്പോൾ മറ്റു തടവുകാർ ശ്രദ്ധിച്ചുകൊണ്ടിരുന്നു. പെട്ടെന്ന് ഒരു ഭൂകമ്പമുണ്ടായി. കാരാഗൃഹം കുലുങ്ങി, വാതിലുകൾ തനിയെ തുറന്നു, തടവുകാരുടെ ചങ്ങലകൾ അഴിഞ്ഞുവീണു. എല്ലാവരും രക്ഷപ്പെട്ടിരിക്കും എന്നു കരുതി കാരാഗ്രഹ പ്രമാണി തന്നെത്താൻ കൊല്ലുവാൻ തുടങ്ങുമ്പോൾ, എല്ലാവരും അവിടെയുണ്ടെന്ന് പൗലോസും ശീലോസും അയാൾക്ക് ഉറപ്പു കൊടുത്തു. അപ്പോൾ കാരാഗൃഹപ്രമാണി ചോദിച്ചു, "യജമാനന്മാരെ, രക്ഷപ്രാപിപ്പാൻ ഞാൻ എന്തു ചെയ്യേണം?" "കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്ക, എന്നാൽ നീയും നിന്റെ കുടുംബവും രക്ഷ പ്രാപിക്കും" എന്ന് അവർ മറുപടി പറഞ്ഞു.

ആ കാരാഗൃഹ പ്രമാണി തന്നെത്താൻ കൊല ചെയ്തിരുന്നുവെങ്കിൽ അയാളെ സംബന്ധിച്ചിടത്തോളം അത് അർദ്ധരാത്രിയും നിത്യമായ ദുരിതത്തിന്റെ ആരംഭവുമായി ഭവിക്കുമായിരുന്നു – ദൈവവും പ്രത്യാശയും അയാൾക്കു നഷ്ടപ്പെടുമായിരുന്നു. പകരം അത് രക്ഷയുടെയും ക്രിസ്തുവിലുള്ള പുതുജീവന്റെയും ഒരു പാതിരാത്രിയായി ഭവിച്ചു!

നിങ്ങളുടെ കാര്യം എങ്ങനെ? താഴെപ്പറയുന്ന ബൈബിൾ വാക്യങ്ങൾ ശ്രദ്ധിക്കുക:

- "തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു" (യോഹ 3:16).
- "പാപത്തിന്റെ ശമ്പളം മരണം, ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിലുള്ള നിത്യജീവൻ തന്നെ" (റോമർ 6:23).
- "കർത്താവായ യേശുക്രിസ്തു ലോകത്തിൽ വന്നു എന്നു

ള്ളത് സത്യവും എല്ലാവർക്കും അംഗീകരിപ്പാൻ യോഗ്യവുമായ വചനം തന്നെ, ആ പാപികളിൽ ഞാൻ പ്രധാനിയായിരുന്നു"(1 തിമോ 1:15).

ബൈബിളിൽ മറ്റൊരു "അർദ്ധരാത്രി"യേക്കുറിച്ചു പറഞ്ഞിട്ടുണ്ട്. ക്രിസ്തു തന്നിൽ വിശ്വസിക്കുന്നവരെ ചേർത്തുകൊള്ളുവാൻ വരുന്നതും പാതിരാത്രിയിൽ ആയിരിക്കും (1 തെസ്സ 4:16). ബൈബിളിലെ അവസാനത്തെ പുസ്തകമായ വെളിപ്പാടിൽ ദൈവത്തിന്റെ മഹത്തായ പാപക്ഷമയെ കൈക്കൊള്ളാത്ത എല്ലാവരുടെമേലും വരുവാനിരിക്കുന്ന ന്യായവിധിയേക്കുറിച്ചു വെളിപ്പെടുത്തിയിട്ടുണ്ട്. അവനെ തള്ളിക്കളയുന്നവർ പിന്തള്ളപ്പെടും.

ഭീകരമായ ആ അപകടത്തിൽ കൊല്ലപ്പെട്ട യൗവനക്കാരന് കത്തിയെരിയുന്ന തീജ്വാലകളിൽ നിന്നും പുറത്തുവരുവാനായില്ല. യാതൊരു ഒരുക്കവുമില്ലാതെയിരിക്കുന്നവർ ശവക്കുഴിയിൽ എത്തിയാൽ പിന്നെ ഭീകരമായ അനുഭവമായിരിക്കും ഉണ്ടാവുക. കർത്താവായ യേശുക്രിസ്തു വിശ്വാസികളെ ഉയരത്തിലേക്ക് എടുക്കുന്ന സമയത്തിനുമുമ്പ് നിങ്ങൾ തീരുമാനം ചെയ്യേണ്ടിയിരിക്കുന്നു.

മാറ്റിവെയ്ക്കരുത്, കാരണം സമയം വൈകിപ്പോകും? നിങ്ങളുടെ "അർദ്ധരാത്രിയുടെ മണിക്കൂറിനുവേണ്ടി" ഒരുങ്ങുവാനുള്ള സമയം ഇപ്പോഴാണ്! "ഇപ്പോൾ ആകുന്നു സുപ്രസാദകാലം; ഇപ്പോൾ ആകുന്നു രക്ഷാദിവസം"(2 കൊരി 6:2).

*-- C. Darling*


## പ്രത്യാശാദീപം

മേഴ്സിഹോം, ചേപ്പാട് പി.ഒ

ആലപ്പുഴ ജില്ല 690 507